# JACOBITE SYRIAN CHRISTIAN CHURCH

(UNDER THE HOLY APOSTOLIC SEE OF ANTIOCH AND ALL THE EAST)

**BASELIOS THOMAS I**
**CATHOLICOSE AND METROPOLITAN TRUSTEE**
PATRIARCH IGNATIUS ZAKKA I IWAS CENTRE
(PATRIARCHAL CENTRE)
PUTHENCRUZ, ERNAKULAM, KERALA, INDIA
PIN - 682 308
PHONE : 0484 - 2732804 (Office)
0484 - 2732603, 2733200 (Personal)
FAX 0484 - 2732804
E-mail bavathirumeni@rediffmail.com
patriarchalcentre@yahoo.com

CATHOLICATE ARAMANA
MOUNT SINAI
COLLEGE P.O., KOTHAMANGALAM
KERALA, INDIA, PIN - 686 691
PHONE : OFFICE : 0485-2822485
PERSONAL : 0485-2822101
FAX : 0485-2822101


Date : 19-12-2009

## ക്രിസ്തുമസ് സന്ദേശം

ശാന്തിയുടെയും സമാധാനത്തിന്റെയും സദ്വാർത്ത അറിയിച്ചുകൊണ്ട് ഒരു ക്രിസ്തുമസ് കൂടെ സമാഗതമായിരിക്കുന്നു. സർവ്വലോകർക്കും എളിമയുടെ ഉദാത്ത മാതൃക വെളിപ്പെടുത്തി ബത്‌ലഹേമിലെ കാലിത്തൊഴുത്തിൽ സർവ്വേശ്വരപുത്രൻ ജന്മം കൊണ്ട സന്തോഷ ദിനത്തിന്റെ ഓർമ്മ. തന്നത്താൻ താഴ്മയിലേക്ക് വരുവാനുള്ള മനോഭാവവും, ദൈവീക നീതിയും ധർമ്മവും നിലനിർത്തുവാൻ അക്ഷീണം യത്നിക്കുന്ന ശുശ്രൂഷാശൈലിയും ഉപരി മറ്റുള്ളവർക്കായി തന്നെത്തന്നെ ത്യജിച്ച ത്യാഗസന്നദ്ധതയും ഈ തിരുജനനദിവസത്തിലൂടെ വെളിപ്പെട്ടുവരുന്നു. സ്വർഗ്ഗം ഭൂമിയിലേക്കിറങ്ങിയതായ ഈ ദിവസം സ്വർഗ്ഗീയ വർഗ്ഗം ഭൂമിയിലിറങ്ങിവന്ന് ലോകത്തെ സ്വർഗ്ഗീയ ഗാനങ്ങൾ പാടി സന്തോഷവും അനുഭൂതിയും വിളിച്ചറിയിക്കുന്നു.

തീവ്രവാദപ്രവർത്തനങ്ങളും, നശീകരണപ്രവർത്തനങ്ങളും, രാഷ്ട്രീയ മത സംഘട്ടനങ്ങളും മനുഷ്യന്റെ സമാധാന പൂർണ്ണമായ ജീവിതത്തിന് അനുദിനം വിഘാതം സൃഷ്ടിക്കുന്ന ഇന്നത്തെ സാഹചര്യത്തിലും സ്വാർത്ഥപരമായി അപരന്റെ അവകാശമോ സ്വാതന്ത്ര്യമോ പരിഗണിക്കാതെ സ്വന്തം കാര്യസാദ്ധ്യത്തിന് വേണ്ടി പരക്കംപായുന്ന മനുഷ്യരുടെയും സമൂഹങ്ങളുടെയും ഇടയിലും ക്രിസ്തുമസ് നൽകുന്ന സന്ദേശം ഏറെ പ്രസക്തിയുള്ളതാണ്. യേശുവിന്റെ ജനനം സാധാരണക്കാരായ ആട്ടിടയന്മാർക്കും ഉന്നതരായ പണ്ഡിതന്മാർക്കും ഒരുപോലെ സന്തോഷവും സ്നേഹത്തിന്റെ മാർഗ്ഗവും പ്രദാനം ചെയ്തു. യേശുവിനെ കണ്ടെത്തുവാനും അവന്റെ വാക്കുകൾ ശ്രദ്ധിപ്പാനും അവർ ശ്രമം ചെയ്തു അവർക്ക് അതിന്റെ സ്വർഗ്ഗീയ അനുഭവം ലഭ്യമായി. അത് സാർവ്വത്രിക സമാധാനത്തിലേക്കുള്ള വളർച്ചയുടെ ആദ്യപടിയായിരുന്നു.

എസ്. ഒ. സി. എം. ഫോറം, മലങ്കര സിറിയക് വോയിസ്, മോർ ബഹനാൻ സ്റ്റഡി സർക്കിൾ, വിശ്വാസസംരക്ഷകൻ എന്നിവയുടെ പ്രവർത്തകർക്കും, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്ന എല്ലാ ദൈവമക്കൾക്കും ക്രിസ്തുമസ് നവവത്സര ആശംസകൾ നേരുന്നു.

ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക